

# പട്ടം പോലെ...

## ജിഎച്ച്എസ്എസ്

## കോട്ടായി.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ഹെഡ്മിസ്ട്രസ്

# ആലീസ് ജോസഫ്



## Table of Contents


മനുഷ്യൻ.....3
വിദ്യാലയം.....5
എന്റെ ജീവചരിത്രം.....7
പുതുമയുടെ ലോകം.....10
പുലരോളിയുടെ കനവുകളില് നിറമെഴുതുകയാണ നീ.....10
പ്രകൃതി.....11
മരണമെത്തുമ്പോൾ.....14
സുഹൃത്ത് ബന്ധം.....18
മാതൃസ്നേഹത്തിലൂടെ രാമു.....20
ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക്.....21

മരം ഒരു വരം............................................................................................................................26
എന്റെ ഓർമ്മയിൽ.......................................................................................................................29

## *മനുഷ്യൻ*

ലോകത്തിന്റെ കളിതെറ്റിക്കുന്ന ഏകവാനാണു മനുഷ്യൻ ലോകത്തിലെ മറ്റുമൃഗങ്ങൾ സസ്യലതാതികൾ മനുഷ്യർക്കരുളിയ സൗഭാഗ്യങ്ങൾ ദുർത്തടിച്ച് കളിയിലെ നിയമം തെറ്റിച്ചു കളിക്കുന്ന ഏക ജന്തു മനുഷ്യനാണ്.

ലോകത്തിൽ അവന്റെ സ്ഥാനം ഉയർത്താൻ അവന്റെ സ്വന്തക്കാരെപോലും വെറുക്കാൻ കഴിവുള്ള ജന്തുവാണ്

പ്രകൃതിയുടെ മാനം കാത്തു സൂക്ഷിക്കേണ്ട മനുഷ്യൻ ആ കടമ മറന്ന് അതിനെ നേർവിപരീതം ചെയ്യുന്നു.

അമൃത സുരേഷ്.

9 എഫ്



# വിദ്യാലയം

വിദ്യ പഠിക്കുവാൻ  ആലയത്തിൽ  എത്തി ഞാൻ
വിദ്യയിൽ ആർദ്ധിയായ് തീർന്നു ഞാനും പാട്ടും
വിളികളും പഠിപ്പുമെന്നില്ലാതെ
എല്ലാം കഴിയും പ്രകടമാകും ആലയം
ലോകത്തിൻ സംസ്കാരം പകരുന്ന ആലയം
നമ്മുടെ അറിവായ പ്രകൃതി വിദ്യാലയം
ആശകൾ അറിവുകൾ ബുദ്ധികൾ സിദ്ധികൾ
ലോകത്തിൻ മുന്നിൽ
പ്രകടിപ്പിക്കുവാൻ ധൈര്യം
തന്നൊരാലയം  നമ്മുടെ അറിവായ ലോക
വിദ്യാലയം

അപർണ.എ

9.ഇ







# എന്റെ ജീവചരിത്രം

എഴുതുന്നു ഞാനെൻ
ജിവചരിത്രം
എഴുതുന്നു ഞാനെൻ ആത്മചരിത്രം
ഒറ്റപ്പെടുന്നതും കൂട്ടുകൂടുന്നതും
ഏകാന്തതയും ഉന്മേഷവും
എല്ലാം പറയുന്ന ജിവചരിത്രം
എഴുതുമ്പോൾ ദുഃഖവും പിന്നീട് ഒർക്കുമ്പോൾ
ആനന്ദവും നൽകുന്നതാണെൻ ജീവചരിത്രം
സത്യങ്ങളൊരൊന്നെഴുതുന്ന
ജീവചരിത്രം
എഴുതുന്നു ഞാനെൻ ജീവചരിത്രം
എഴുതുന്നു ഞാനെൻ ആത്മചരിത്രം

സുമിഷ കെ ആർ
9. ജി

## ചെമ്പരത്തി

എന്റെ പേര് പറയാമോ?
എന്നോടിഷ്ടം കൂടാമോ
ഞാനാണല്ലോ ചെമ്പരത്തി
എന്നുടെ നിറം ചുവപ്പ് നിറം
ഞാനാണല്ലോ ചെമ്പരത്തി
എന്നുടെ നിറം ചുവപ്പ് നിറം

എന്റെ പേര് പറയാമോ?
എന്നോടിഷ്ടം കൂടാമോ
ഞാനാണല്ലോ മുല്ലപ്പൂ
എന്നുടെ നിറം വെളുപ്പ് നിറം
ഞാനാണല്ലോ മുല്ലപ്പൂ
എന്നുടെ നിറം വെളുപ്പ് നിറം

അനിഷ.എ 8 ബി

## മുത്തും പൂക്കളും

നല്ല നല്ല മുത്ത്
വർണമുള്ള മുത്ത്
ഭംഗിയുള്ള മുത്ത്
മഞ്ഞ നിരം നീലനിറം
കളരുകളിൽ മുത്ത്

നല്ല നല്ല പൂവുകൾ
എന്ത നല്ല ഭംഗി
ചെമ്പരത്തി ചുവപ്പ്
മുല്ലപ്പൂവ് വെള്ളി
പലനിറത്തിൽ പൂക്കൾ
എന്ത നല്ല പൂക്കൾ

നീതുമോൾ 8.ബി

## പുതുമയുടെ ലോകം .......

പുലരോളിയുടെ കനവുകളിൽ
നിറമെഴുതുകയാണ് നീ

ഒളിചിതറും രാവുകളിൽ
മനമലിയുകയാണോ നീ (2)

വിടരുകയായ് എന്നിലൊരു
നിനവിനൊരു കൂട്ടമായ് (2)

വിരിയുകയായ് എന്നിലൊരു
പുതുമയുടെ ലോകം പുതുമയുടെ ലോകം

ആടി ആടി ഉലയുകയാ -
ണാവിരിഞ്ഞ പൂക്കൾ

കള കള കള മൊഴിയുമായി
കിളിയുടെ നാദമായൊരു
പുതുമയുടെ ലോകം

നിസാർ എം .എസ് . 9 എഫ്

# പ്രകൃതി



ഭംഗിയുള്ള പ്രകൃതി
എന്തു നല്ല പ്രകൃതി
മരമുള്ള പ്രകൃതി
പച്ചപ്പുള്ള പ്രകൃതി
പുഴക്കളുണ്ട് നദികളുണ്ട്
കടലുപോലുമുണ്ട്
സൂര്യനുഗിക്കും ചന്ദ്രനുദിക്കും
പ്രതിബിംബ ഐശ്യര്യ പ്രകൃതി
ജീവനുള്ള ഭൂമിയിൽ ഐശ്യര്യം വിതറും
ഈ മനുഷ്യരാശിതൻ പ്രകൃതി
പല വിധ വാതങ്ങളും ജീവനുള്ള
ഓക്സിജനും നില നിർത്തും പ്രകൃതി
വിട്ടുകളും സ്കൂളുക്കളുമുണ്ട് ഈ
പ്രകൃതിയിൽ

ഭംഗിയുള്ള പ്രകൃതി, ജീവനുള്ള പ്രകൃതി നമ്മുടെ
സ്വന്തം പ്രകൃതി

രേഷ്മ ആർ
8. ബി





# മരണമെത്തുമ്പോൾ.....



***രാവിലെ മരിച്ചവൈകുന്നേരം അടക്കി***
***ഇടയ്ക്ക് ചിലർ വന്നു പോയി***
***രാത്രിയായ് പിന്നെ***
***പുലരിയും എല്ലാം എല്ലാം***
***പതിവു പോലെയെന്ന്***
***കിളികൾ ചിലച്ചു***
***ജീവിതമെ നീ എത്ര ചെറുത്***

***കാവ്യ മോൾ***
***8 ബി***

## പ്രകൃതി ഭംഗി

കുന്നിടിച്ച നിരത്തുന്ന യന്ത്രമേ
മണ്ണു മാന്തിയെടുക്കുന്ന കൈകളിൽ
പന്തു പോലൊന്ന് കിട്ടിയാൽ
ഒന്നു ക്ലുക്കി വിളിച്ചറിയിക്കണേ
പണ്ടു ഞങ്ങൾ കഴിച്ചിട്ടതാണോ
പന്തു കായ്ക്കും മരമായ് വളർത്തുവാൻ
മരങ്ങൾ വളരുമ്പോൾ നമ്മുടെ ഭൂമി എത്ര
മനോഹരം

അഭിഷേക് ആനന്ദ്

9 ജി


Rahul.R VI.A

# സൗഹൃത്ത് ബന്ധം

ഒരു ഗ്രാമത്തിൽ ഗോപുവും രാമുവും എന്ന രണ്ടു കുട്ടികൾ ഉണ്ടായിരുന്നു. ഇവരിൽ ഗോപി കുസൃതികുട്ടനായിരുന്നു.എന്നാൽ രാമു വളരെ പാവമായിരുന്നു. എല്ലാ ദിവസവും രാമു ഗോപുവിനെ തല്ലും. അങ്ങനെ ഒരു ദിവസം രാമു പറഞ്ഞു നമ്മൾക്ക് കുളിക്കാൻ പോയാലോ എന്ന് ഗോപു പറഞ്ഞു നീ വേണമെങ്കിൽ പൊയ്ക്കോ ഞാൻ വരുന്നില്ല എന്ന് . രാമു അവനെ വീമ്ട്ടും നിർബന്ധിച്ചു. അങ്ങനെ അവർ കുളത്തിൽ കുളിക്കാൻ പോയി. ചതിയനായ ഗോപു രാമുവിനെ കുളത്തിലേക്ക് ഉന്തിയിട്ടു. പാവം രാമു രക്ഷിക്കണേ ... എന്ന് അലറികരയാൻ തുടങ്ങി. ഗോപു കൈകൊട്ടി്ചിരിച്ചു. രാമു മെല്ലെ നീന്തി കരയിൽഎത്തി. അപ്പോൾ ഗോപു അഹങ്കാരത്തിൽ നീന്തിക്കുളിക്കുന്നു. അവൻ ഒരു പാട് ദൂരെയെത്തി. രാമു അവനെ ഓർമ്മപ്പെടുത്തി ഗോപൂ.... അവിടെ

കുഴിയുണ്ട്.. രാമുവിന്റെ വാക്കിനെ വകവെയ്ക്കാതെ ഗോപു നീന്തിക്കൊണ്ടേയിരുന്നു . അറിയാതെ അവൻ ആ കുഴിയിലകപ്പെട്ടു. എന്നാലും ഗോപി പാടുപെട്ട് നീന്തി കുളത്തിന്റെ നടുവിലെത്തി. എ്നാൽ അപ്പോഴേക്കും അവൻ വല്ലാതെ തളർന്നിരുന്നു. അവൻ സഹായത്തിനായി രാമുവിനെ വിളിച്ചു.എന്നാൽ രാമുവാകട്ടെ അവിടെയുള്ളനരെയെല്ലാം സഹായിക്കൻ വിളിച്ച് രാമുവിനെ രക്ഷിച്ചു.പിന്നീട് അവർ നല്ല കൂട്ടുകാരായി.....

*ഗോകുൽ.ആർ*

*9.ഇ*

## *മാതൃസ്നേഹത്തിലൂടെ രാമു*

ഒരു രാജ്യത്തിന്റെ ഒരു ഗ്രാമത്തിൽ ആരുടെയും ശ്രദ്ധയിൽ പെടാതെ ജീവിച്ച ഒരു

കുട്ടിയായിരുന്നു രാമു.അവൻ ചെറുപ്പം മുതൽ

തന്നെ ഒറ്റയ്ക്കായിരുന്നു.അങ്ങനെ വളർന്ന രാമു ഒരു

ആട്ടിടയനായിരുന്നു.അവന് ഈ ലോകത്ത്

ഏറ്റവും വിലപ്പെട്ടതാണ് അവന്റെ

ആട്ടിൻക്കൂട്ടങ്ങൾ അങ്ങനെയിരിക്കെ അവന്റെ

ആട്ടിൻ കൂട്ടത്തിലെ ഒരാട് പ്രസവിച്ചുടനെ

തള്ളാട് മരിച്ചു.അന്ന് രാമു ഒരുപാട്

കരഞ്ഞതിനുശേഷം അവൻ ആ

ആട്ടിനുകുട്ടിയുടെ നിഷ്കളക്കമായ മുഖത്തേക്ക്

നോക്കി.അവൻ ആ ആട്ടിൻകുട്ടിയെ താൻ

വളർന്നതുപോലെ വളർത്താൻ ഒരുക്കമല്ല.അവൻ അതിന് വേണ്ട പരിപാലനം കൊടുത്ത് സ്നേഹത്തോടെ വളർത്തി ആ ആട്ടിൻകുട്ടിയെ ഒരു നല്ല ആട്ടിൻകുട്ടിയാക്കി വളർത്തി എടുത്തു.അങ്ങനെ അവന് മാതൃസ്നേഹത്തിന്റെ മഹത്ത്വം മനസ്സിലായി.അമ്മയുടെ മുലപ്പാലില്ലാതെ ഈ ലോകത്ത് ഒന്നും ചെയ്യാൻ സാധിക്കില്ല എന്നവന് മനസ്സിലായി അങ്ങനെ മാതൃസ്നേഹം തേടി,അവന്റെ അമ്മയെത്തേടി പോയി.

അജിത്ത്.എച്ച്

9.ഇ

## *ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക്*

നിരയുടെ കീഴിലേക്കാഴുകയാണ് ഞാൻ
ഇരുളിന്റെ മറവിലേക്കാഴുകയായ്
കുളിരേകുമീ മണ്ണിൽ നനവാർന്ന നിന്നു ഞാൻ
അകലേയാരോ കണ്ട രാവു പോലെ
പതറില്ല ഞാനിനി നിലവിലും ഏകയായ്
പുതുമയിലേക്ക് ഞാൻ നീങ്ങുകയായ്

പുതുവഴിതേടി ഞാൻ നീങ്ങുകയാണിനി
പഴകിയ ഒർമ്മകൾ ബാക്കിയാക്കി
എൻ ജീവ സ്വപ്നങ്ങൾ സഫലമായീടുവാൻ
ജീവിത യാത്ര ഞാൻ തുടരുകയായ്
ഈ ജീവിത യത്ര ഞാൻ തുടരുകയായ്

കീർത്തന.ആർ 9 എഫ്

# പുസ്തക പ്രകാശനം




കവിതയുടെ ലോകത്തേക്ക് പതിയെ കടന്നുവരികയും
എന്നാൽ താൻ കാലത്തിനൊപ്പമോ അതിനു
മുന്നിലോ

സഞ്ചരക്കുന്ന ആളൊണെന്ന് കവിതയിലൂടെ
നമ്മളോട് പറയുകയും ചെയ്യുന്ന
ശാന്തിപ്പാട്ടത്തിലിന്റെ പുതിയ
കവിതാസമാഹരമാണ് “ ഉയിർത്തീണ്ടൽ “.
ഒരുക്കിപ്പറയലും കുറുക്കി കൊള്ളേണ്ടതുപോലെ
പറയുകയും ചെയ്യുന്നതാണ്കവിതാധർമ്മമെന്ന്
തെളിയിച്ചത് വൈലോപ്പിള്ളിയാണ്. ആർക്കും
ഒന്നിനും നേരമില്ലാത്ത ഇക്കാലത്ത്

കുറുംകവിതകൾ സമ്മാനിക്കുന്ന ഒരു വായനാനുഭവം ഒന്നു വേറെയാണ്. ഇവിടെയാണ് ശാന്തിയുടെ കവിതകളുടെ പ്രസക്തി.

സമകാലികസംഭവങ്ങളോടുള്ള മനസ്സിന്റെ പ്രതികരണങ്ങൾ തന്നെയാണ് ശാന്തികവിതയിലൂടെ ആവിഷ്കരിക്കുന്നത്. നഷ്ടപ്രണയത്തിനപ്പുറം ഇഷ്ടപ്രണയത്തെ ചേർത്തുവെക്കുന്ന കവി. കാടും തൊടിയും പുള്ളും പടർപ്പും ഇലച്ചാർത്തും മഴയുമൊക്കെ ഗൃഹാതുരത്വം ഉണർത്തുന്നു. ലക്ഷ്യമില്ലാതുള്ള യാത്രകൾ ആത്മനിർവൃതിയുടെ വഴിയമ്പലങ്ങളാവുന്നു. നിത്യേന ചുറ്റും കാണുന്ന് കാഴ്ച്ചകൾ വേദനയുടെയും സഹനത്തിന്റേയും സ്നേഹത്തിന്റേയും ബിംബങ്ങളായി വാർന്നു വീഴുന്നു. എവിടെയും തട്ടാതെ തടയാതെ ഓർമ്മകൾ തീവലുകളായി പാരിനടക്കുന്നു.

പ്രതികരണശേഷി നഷ്ടപ്പെട്ട് തന്റേതായ ലോകത്തിൽ അഭിരമിക്കുന്ന പുതിയ തലമുറയെ ആമയോട് ഉപമിക്കുന്നു. എല്ലാം നഷ്ടപ്പെട്ട്

## ആത്മഹത്യയിൽ അഭയം തേടുന്നവർ

ആകസ്മിതകളെ മാത്രം ചേർത്തുപിടിക്കുന്നു. താൻ കരക്കിരുന്ന് നോക്കുകയാണെന്ന് പറയുമ്പോഴും ഒഴുക്കിനെതിരെ നീന്താൻ മനസ്സ് തുടിക്കുന്നെണ്ടെന്നും ഹൃദയത്തിന് കീഴടങ്ങാൻ മനസ്സില്ലെന്നും ആവർത്തിച്ചുറപ്പിക്കുന്ന കവി.

***അനിത മഠത്തിൽ***

# മരം ഒരു വരം

ഒരു മരം നമുക്ക് എന്തെല്ലാം ഗുണം ചെയ്യുന്നുണ്ടെന്ന് നിങ്ങൾ ഒന്ന ശ്രദ്ധിച്ചുനോക്കൂ... മരത്തിന്റെ തടിമുതൽ ഇലവരെ ഉപയോഗപ്രദമാണല്ലോ? മരത്തിന്റെ തടിരകൊണ്ട് വീടുകളും മറ്റു ഗൃഹോപകരണങ്ങളും നാം നിർമ്മിക്കുന്നു. പണ്ട് മനുഷ്യർ ഇലകളും തണ്ടുകളും കൊണ്ട് ഒരു പാട് ഗൃഹോപകരണങ്ങൾ നിർമ്മിച്ചിരുന്നു. മരം ഇല്ലെങ്കിൽ മനുഷ്യനില്ല എന്നാൽ വിവേകിയായ മനുഷ്യർ ഇന്നും മരങ്ങൾ വെട്ടിനശിപ്പിച്ചുകൊണ്ടോയിരിക്കുന്നു. വികസനമെന്ന പറഞ്ഞ് പ്രകൃതിയേ ചൂഷണം ചെയ്തുകൊണ്ടേയിരിക്കുന്നു. പ്രകൃതിരമണീയമായ ഒരു സുന്ദരകേരളത്തിന്റെ ഇപ്പോവത്തെ അവസ്ഥ ഏറെ ദയനീയമാണ്. കാടില്ലാതെ മരമില്ലാതെ കേരളം നശിച്ചുകൊണ്ടേയിരിക്കുന്നു. ഒരു നല്ല നാളേക്കായ് നമുക്ക് ഇന്നുതന്നെ കൈകോർക്കാം.

*അനീസ.എ*

## വിദ്യാലയത്തിൽനിന്നും  വിരമിക്കുന്നവർ

മനസ്സിന്റെ നൊമ്പരം

ഞങ്ങളെ

വർഷമായി

പഠിപ്പിച്ച ഇന്ദിര

ടീച്ചറെ ഞങ്ങൾ

ഇപ്പോഴും ഓർക്കുന്നു.

ടീച്ചർ ഞങ്ങൾക്ക്

നൽകിയ

ഓർമ്മകൾ ഒരു

സന്ദേശമായി

ഞങ്ങളുടെ

ജീവിതത്തിൽ



പ്രതിഫലിക്കുന്നു.  അഞ്ചാം ക്ലാസിൽ ഞങ്ങളെ സയൻസ് ടീച്ചർ പഠിപ്പിച്ചിരുന്നു. ആറാം ക്ലാസിൽ സയൻസും കേരളപാഠാവലിയും പഠിപ്പിക്കാൻ ടീച്ചറെത്തി.

ഞങ്ങളുടെ  ക്ലാസ് ടീച്ചറായിരുന്നു. സ്നേഹം കൊതിക്കുന്ന മുഖത്തോടെയാണ് ഞാൻ

ആദ്യമായി ടീച്ചറെ പരിചയപ്പെടുന്നത്. രസകരമായും വൃത്തിയായും പഠിപ്പിക്കുന്ന ഇന്ദിര ടീച്ചർ അങ്ങനെ ഞങ്ങളുടെ എല്ലാവരുടെയും പ്രിയപ്പെട്ട ടീച്ചറായി. ഒരമ്മയുടെ സ്നേഹവും കരുതലുമാണ് ടീച്ചറിലൂടെ ഞങ്ങൾ എല്ലാവർക്കും ലഭിച്ചത്. പിന്നീട് ഒരു ക്രിസ്മസ് ദിനത്തിൽ ഞങ്ങൾ ടീച്ചർക്ക് ഒരു കൊച്ചു സമ്മാനം വാങ്ങിക്കൊടുത്തു. ടീച്ചറുടെ കണ്ണ് നിറയുന്നുണ്ടായിരുന്നു. അത് ഒരു ആനന്ദ കണ്ണീരാണെന്ന് എനിക്ക് ഇപ്പോൾ മനസ്സിലാവുന്നു.

പിന്നീട് ടീച്ചർ പോകുന്ന വാർത്തയറിഞ്ഞ് എന്റെ കണ്ണ് അറിയാതെ നിറഞ്ഞു. ഓർക്കുന്തോറും സങ്കടവും സ്നേഹവും കൂടുന്നു.

ലക്ഷ്മി കെ.എം

*എട്ട് ബി.*

# എന്റെ ഓർമ്മയിൽ



എന്റെ ഓർമ്മയിൽ ഇതുവരെഎന്നെ ഏറ്റവും നന്നായി ചിത്രം വരയ്ക്കുവാനും വർണങ്ങൾ ചാലിക്കാനും പഠിപ്പിച്ച അധ്യപകനാണ് ഗോപിദാസ് സാർ. എന്നെ ഏഴാം  ക്ലാസ് തൊട്ട് പത്താം ക്ലാസ് വരെ ചിത്രരചന പഠിപ്പിച്ചത് ഗോപി സാറാണ് സാർ എന്നെ പല

മത്സരങ്ങളിലും പങ്കെടുക്കുവാനും അതിലെല്ലാം
സമ്മാനങ്ങൾ വാങ്ങിക്കുവാനും സഹായിച്ചു.
സാറാണ് എനിക്ക് എന്നിലെ കഴിവുകളെ
കാണിച്ചുതന്നു.ഞാൻ കോട്ടായി ഗവൺമെന്റ്
സ്കൂളിൽ അഞ്ചാം ക്ലാസിലാണ് വന്നത് അഞ്ചാം
ക്ലാസ് തൊട്ട് ആറാം ക്ലാസ് വരെ വേറെ പല
അധ്യാപകരും എന്നെ ചിത്രരചന
പഠിപ്പിച്ചിട്ടുണ്ട്.അപ്പോഴും ഞാൻമത്സരങ്ങളിൽ
പങ്കടുക്കാറും സമ്മാനങ്ങൾ
വാങ്ങികാറുമുണ്ടായിരുന്നു.പക്ഷേ എന്നെ സ്കൂളിൽ
ആർക്കും അറിയില്ലായിരുന്നു.പക്ഷേ ഏഴാം
ക്ലാസിലാണ് ഗോപി ദാസ് സാർ കോട്ടായി
സ്കൂളിൽ ചിത്രരചന അധ്യാപകനായി
പ്രവേശിച്ചത്.സാറാണ് ആദ്യമായി എന്താണ്
ചിത്രരചന എന്ന് പഠിപ്പിച്ചത്.എങ്ങനെയാണ്
വർണങ്ങൾ  ഉപയോഗിച്ച് ചിത്രങ്ങൾ കൂടുതൽ
മനോഹരമാക്കാം എന്ന് എന്നെ പഠിപ്പിച്ചത്.സാർ
ചിത്രരചനയിലും മരങ്ങൾഉപയോഗിച്ച്

മനോഹരമായ  വാൽകണ്ണാടികളും മറ്റും ഉണ്ടാക്കുന്നത്തിൽ കഴിവ് തെളിയിച്ച അതുല്യ പ്രതിഭകൂടിയാണ്. എന്റെ ഓർമ്മയിൽ എന്നെ ഇതുവരെ ഏറ്റവും നന്നായി ചിത്രരചന പഠിപ്പിച്ചഅധ്യാപകൻ ഗോപിദാസ് സാറിന് കാണിച്ചു കൊടുക്കാറുണ്ടായിരുന്നു. അപ്പോൾ നന്നായിട്ടുണ്ടെന്നും ഒരിക്കലും വരച്ച ചിത്രങ്ങൾ കളയരുത്  ഇനിയും കൂടുതൽ ഭംഗിയായി ചിത്രങ്ങൾ വരച്ചുകൊണ്ടിരിക്കുവാൻ പറഞ്ഞു ഞാൻ  ഏഴാം ക്ലാസ് മുതൽ വരച്ച എല്ലാചിത്രങ്ങളും ഇന്നു എന്റെ കൈയിലുണ്ട്. സാർ എനിക്ക് വർണങ്ങൾ വരക്കാൻ പഠിപ്പിച്ചതുകൊണ്ട് ഇന്ന് എന്റെ കൈയിലുള്ള എല്ലാ ചിത്രങ്ങളും നല്ല നിറവും  ഭംഗിയുമുണ്ട്. വർണങ്ങൾ ഉപയോഗിക്കാൻ എനിക്ക് പഠിപ്പിച്ചു തന്നില്ലായിരുന്നെങ്കിൽ ഇന്ന്ഒരു പക്ഷേ എന്റെ ചിത്രങ്ങൾ വർണരഹിതമായിതീർന്നിരുന്നേനെ സാർ  വർണങ്ങൾഉപയോഗിക്കാൻ എന്നെ പഠിപ്പിച്ചു അതു കേവലം കടലാസിൽ മാത്രം

പകർന്ന വർണങ്ങളായിരുന്നില്ല എന്റെ ഭാവനയുടെ ലോകത്തെ വർണങ്ങൾ കൂടിയായി തീർന്നു. സാർ  പകർന്നുതന്ന അറിവ് എന്റെ ഭാവനയിലെ ചിത്രങ്ങൾക്ക് കൂടുതൽ  വർണങ്ങൾ നിറയ്ക്കുവാൻ എന്നെ ഏറെ സഹായിച്ച ഗോപി ദാസ് സാറിന് എല്ലാവിധ ആശംസകളും നേരുന്നു

സ്നേഹ.ആർ
*10 .എഫ്*

# എന്റെ ഓർമ്മയിലെ പ്രിയ അദ്ധ്യാപകൻ



ഹൈസ്കൂളിൽ എന്റെ ക്ലസ് സാറായി വന്നത് ഹരികുമാര്സാറായിരുന്ന.സാർക്ലാസസെടുക്കു ബോൾദുഃഖങ്ങൾഉണ്ടാവാറില്ല.സന്തോഷം മാത്രമേഉണ്ടാവുകയുള്ളൂഅത്രയുംനിഷ്ക്കളങ്കമന

സ്സാണ് സാറിന് ഞാൻ ശ്രദ്ധിച്ചിരുന്നു.ഏത് കുട്ടികളേയും വേദനിപ്പിക്കാതെ നേരായ വഴി പറഞ്ഞുക്കൊടുക്കുമായിരുന്നു.എന്നെ ഹരികുമാർസാർ ഒരു വാക്കുകൊണ്ടുപോലും വേദനപ്പിച്ചിട്ടില്ല.ഇന്ന് സാർ ഈ സ്കൂൾ നിന്നും പിരിഞ്ഞുപോവുമ്പോൾ ഒരുപാട് ദുഃഖം മനസ്സിലുണ്ട്. എന്നെ പഠിപ്പിച്ച സാറാണെന്ന് പറയുവാൻഎനിക്ക്അഭിമാനം മാത്രമേയുള്ളൂ. സാർഎനിക്ക്സാമൂഹ്യശാസ്ത്രമാണ് എടുത്തിരുന്നത്. സാർ പഠിപ്പിക്കുമ്പോൾ ആ വിഷയം പഠിക്കാൻ ഒരുപാട് ഇഷ്ടമായിരുന്നു.ആരെക്കുറിച്ചു മോശംവാക്കുകൾ സാർ പറയാറില്ല. നല്ലതു മാത്രമേ പറയുകയുള്ളൂ.പി.റ്റി.എ.മീറ്റിംഗ് ഉണ്ടാവുമ്പോൾ ആരെയും മോശമായി മാതാപിതാക്കളുടെമുന്നിൽപറയാറില്ല.തോറ്റവി

ഷയത്തെ ചീത്ത പറയാറില്ല ജയിച്ച വിയങ്ങളെക്കുറിച്ച നല്ലതു മാത്രമേ പറയാറുള്ളൂ.സാർഎല്ലാവരേയും വിദ്യാർത്ഥികൾക്കും പ്രിയങ്കരനായിരിക്കും ഹരികുമാർ സാർ. സാറിനെ കുറിച്ചു നല്ല അഭിപ്രായമാണ് എല്ലാവർക്കും. സാർ ഈ വിസഹായിക്കുന്ന മനുഷ്യനാണ്. സാർ ഏത് വിഷയം പഠിപ്പിച്ചാലും സന്തോഷത്തോടെ ക്ലാസിലിരിക്കാൻ ഇപ്പോഴും തയ്യാറാണ് ഒരുപാട് പ്രതീക്ഷകളുമായി ഹൈസ്കൂളിലേക്ക് വരുമ്പോൾ എന്തെങ്കിലും ഉയർന്ന വരാവണമെന്ന് പ്രതീക്ഷതന്നത് ഹരികുമാർ സാറാണ്. ഇവിടുത്തെ പല അസംബ്ലിയിലും സാർ പ്രസംഗിക്കാറുണ്ട്. വേണ്ട നിർദേശങ്ങൾ പറഞ്ഞുതരാറുണ്ട്. ഓരോ വിദ്യാർത്ഥികൾക്കുംപ്രിയങ്കരനായിരിക്കും ഹരികുമാർസാർ. സാറിനെ കുറിച്ചു നല്ല

അഭിപ്രായമാണ് എല്ലാവർക്കും. സാർ ഈ വിദ്യാലയത്തിൽ നിന്നും പോവുമ്പോൾ ഞങ്ങൾ എല്ലാ വിദ്യാർഥികൾക്കും അതീവ ദുഃഖമുണ്ട്. സാർ ഉണ്ടായിരുന്നപ്പോൾ എല്ലാവർക്കുംനല്ല പ്രോത്സാഹനമുണ്ടായിരുന്നു.

നന്ദന.ടി

***10 എ***

# അജിതടീച്ചർ...



ഞാൻ എട്ടാം ക്ലാസിൽ ഈ സ്കൂളിൽ ചേർന്നു എസ് പി സി-യിൽ ചേരണമെന്ന് ആ ആദ്യം എനിക്ക് ആഗ്രഹമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, ഞാൻ എസ് പി സി-യിൽ ചേർന്ന്.ഞങ്ങളുടെ പരേഡ് പി.ട്ടി എല്ലാം എനിക്കിഷ്ട്ടമായി.അതിനേക്കാൾ ഉപരി ഞാൻ മനസിലാക്കിയ കാര്യമെന്തെന്നാൽ കൃത്യമായി ഈ പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ ഒരു നല്ല വ്യക്തി അതിനുപിന്നിൽ പ്രവർത്തിച്ചേമതിയാവൂ. എല്ലാം തന്നെ കാര്യക്ഷമമമായും പൂർണ്ണമായും ചെയ്തു തീർക്കാൻഅജിത ടീച്ചർക്ക് വളരെ ഭംഗിയായി  തന്നെ സാധിച്ചു.യഥാർത്ഥത്തിൽ എസ് പി സി-യിൽ  ഉണ്ടായിരുന്ന പ്രധാനമായും ഒമ്പതാം  ക്ലാസ് കാലഘട്ടത്തിൽ ഞങ്ങളെ ശകാരിച്ചും സ്നേഹിച്ചും നന്മയുംഎസ് പി സി -യുടെ

ഡിസിപ്ലിൻ എന്തെന്നും പഠിപ്പിച്ച തന്നത് അജിത ടീച്ചറാണ്.അജിത ടീച്ചർ മുഖേന ഞങ്ങൾക്കു ലഭിച്ച ക്ലാസുകൾ വളരെ മനോഹരമായിരുന്നു.മാത്രമല്ല, ക്യാമ്പുകളിലൊന്നും തന്നെ ഒരു കുറവും വരുത്താൻ ടീച്ചർ സമ്മദിക്കുകയില്ല.ഞങ്ങൾക്ക്എന്തെങ്കിലും ബുദ്ധിമുട്ടുകൾഉണ്ടായാൽ ടീച്ചർ തീർച്ചയായും അതിനൊരു സോലൂഷൻ കണ്ടുപിടിച്ചുതരാറുണ്ട്.സത്യത്തിൽ അജിത ടീച്ചറില്ലാത്ത ഒരു എസ് പി സി അപൂർണമാണ്.ഞങ്ങളുടെ പരേഡിനായാലും,ക്യാമ്പുകൾക്കായാലുംടീച്ചർ പൂർണ പിന്തുണ നൽകാറുണ്ട്.

നന്ദന എം.ബി *10 ജി*

# ഓർമ്മയിൽ എന്റെ ഗുരുനാഥൻ



ഞങ്ങൾക്ക് മൂന്നു വർഷം ഹിന്ദി പഠിപ്പിച്ച കൃഷ്ണകുമാരി ടീച്ചറെ ഞാൻഇന്നും ഓർമ്മിക്കുന്നു. ടീച്ചർ ഞങ്ങൾക്കു നൽക്കിയ ഓർമ്മക്കളുടെ സന്ദേശമാണ് ആ മൂന്നു വർഷം അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ പുതുതായി പരിചയപ്പെട്ടതാണ് ഞാൻ കൃഷ്ണകുമാരി

ടീച്ചറെ പരിചയപ്പെട്ടുമ്പോൾ തന്നെ ഒരുപാട് സ്നേഹവും വാത്സല്യവും തന്ന സ്നേഹം കൊതിക്കുന്ന മുഖത്തോടെ ആദ്യമായി ഞാൻ കൃഷ്ണകുമാരി ടീച്ചറെ പരിചയപ്പെടുന്നത് പഠിക്കുമ്പോൾ തന്നെ കളിയും,ചിരിയും,തമാശയും കൂട്ടികലർത്തിയാണ് ഞങ്ങൾക്ക് പാഠം പോലും ചൊല്ലിതന്നത്.

ആറാം ക്ലാസിൽ പഠിപ്പിക്കുമ്പോൾ ഞങ്ങളുടെ പ്രിയപ്പെട്ട കൃഷ്ണകുമാരി ടീച്ചറെ പിരിഞ്ഞു എന്ന വേദന എന്റെ മനസ്സിൽ ഉണ്ടായിരുന്നു എന്നാൽ ആ ടീച്ചറു തന്നെയാണ് ആറിലും ഹിന്ദി എടുക്കുന്നത് എന്ന് അറിഞ്ഞപ്പോൾ എന്തെന്നില്ലാത്ത ആഹ്ലാദം തോന്നി.ആറിലും ടീച്ചർ ഞങ്ങളോടൊപ്പം ഒരു സുഹൃത്തുപ്പോലെ ഇടപ്പഴക്കിയാണ് ടീച്ചറ് ആ ഒരു വർഷവും എന്തെന്നറിയാതെ എടുത്തത് ഒരു അമ്മ മക്കൾക്ക് സ്നേഹം നൽകുന്നതുപ്പോലെയാണ് ടീച്ചർ ഞങ്ങൾക്ക് സ്നേഹം തന്നത്.ആറാം ക്ലാസിൽ പിരിയുമ്പോൾ അവസാനമായി ഞങ്ങൾ എല്ലാവരും ചേർന്ന് ന്യൂയർ ആഘോഷിച്ചു.അതിന്റെ ഓർമ്മകളിൽ കൃഷ്ണകുമാരി ടീച്ചറുടെയും മറ്റു ടീച്ചർമാരുടെയും സന്തോഷം പറഞ്ഞ് അറിയിക്കാൻ

പറ്റാത്തതാണ്.അങ്ങനെ ഞങ്ങളുടെ എല്ലാം ആയിരുന്ന ടീച്ചർ ഞങ്ങൾ ഒരിക്കൽ കൂടി പിരിഞ്ഞു.

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ കൃഷ്ണകുമാരി ടീച്ചറാണ് ഞങ്ങൾക്ക് ഹിന്ദി എടുക്കാൻ വന്നത്.പലവിധ തമാശക്കളുടെയും ചിരിയും ചിന്തയും തന്ന് ടീച്ചർ അപ്പോഴും ക്ലാസെടുത്തു പരീക്ഷയാകുമ്പോൾ പേടിയില്ലാതെ എഴുതണം എന്നു പറഞ്ഞ് ആത്മവിശ്വാസം നൽകി.ആദ്യമായി എനിക്ക് ബോർഡിൽ എഴുതാൻ അവസരം തന്നതും കൃഷ്ണകുമാരി ടീച്ചറാണ് ഞങ്ങൾക്ക് ടീച്ചർ പോകുന്നതിൽ വളരെ അധികം സങ്കടമുണ്ട്.എന്നാലും ടീച്ചർ ഞങ്ങൾക്ക് ഒരുപാട് ഓർമ്മകൾ പതിച്ചു തന്നിട്ടാണ് പോകുന്നത്.

നന്ദന.എസ്

*8.ബി*

# നിഴലും നിലാവും

മിന്നിത്തിളങ്ങുന്നനക്ഷത്രക്കൂട്ടവും,
സ്വപ്നങ്ങൾക്ക് ചിറകുമുളക്കുന്ന കണ്ണുകളും
പ്രതികഷയുടെ പുതിയ ചക്രവാളങ്ങളിലെക്ക്........

ലിറ്റിൽ കൈറ്റ്സ്

*ജി.എച്ച്.എസ്.എസ് കോട്ടായി.*